(സി) കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ എത്ര മാസത്തേത് കുടിശ്ശികയായിട്ടുണ്ട്?

2020 ഒക്ടോബർ മാസം മുതൽ 2021 ജൂൺ മാസം വരെ വിതരണം പൂർത്തിയായ 9 മാസങ്ങളിലെ കിറ്റ് വിതരണത്തിനുള്ള കമ്മീഷൻ റേഷൻ വ്യാപാരികൾക്ക് അനുവദിച്ചുനൽകാനുണ്ട്.

(ഡി) റേഷൻ കടക്കാരുടെ കമ്മീഷൻ തുക വിതരണം ചെയ്യാത്തത് ഇവരെ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ഇ) എങ്കിൽ ഈ ഓണക്കാലത്തിനു മുൻപായി കുടിശ്ശികത്തുക മുഴുവനായും വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

റേഷൻ വ്യാപാരികൾക്ക് ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് 2021 ജൂൺ മാസംവരെയുള്ള കമ്മീഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്. 2021 ജൂലൈ മാസത്തെ കമ്മീഷൻ അനുവദിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമൂലം റേഷൻ കടക്കാർ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ**

326 (5051) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രതിമാസ വിൽപ്പനയും സ്ഥലലഭ്യതയും പരിശോധിച്ച് വിൽപ്പനസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ വിൽപ്പനശാലകളുടെ നവീകരണത്തിനാവശ്യമായ തുക പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മാവേലിസ്റ്റോറുകൾ നവീകരിച്ചുവരുന്നുണ്ട്. കാര്യക്ഷമമായ വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃസൗഹൃദമാക്കുന്ന നടപടികൾ നടത്തിവരുന്നു. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാകുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യതകൂടി മുൻനിർത്തി നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മാവേലിസ്റ്റോറുകൾ ഇല്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും 17-2-2021 തീയതിയോടെ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത പരിസ്ഥിതിലോല പ്രദേശങ്ങളായ ഇടമലക്കുടി, വട്ടവട പഞ്ചായത്തുകളുൾപ്പെടുന്ന വനമേഖലയിൽ മൊബൈൽ മാവേലിസ്റ്റോറുകൾ അനുവദിച്ച് പ്രവർത്തിച്ചുവരുന്നു.

### പയ്യന്നൂർ പാടിച്ചാൽ സപ്ലൈകോ സ്റ്റാളിന്റെ വാടക

327 (5052) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റാളിന്റെ വാടക നിലവിലാരാണ് വഹിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും നൽകാൻ നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് പ്രസ്തുത മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം അതത് പഞ്ചായത്ത് തന്നെ വാടക നൽകണമെന്ന നിബന്ധന അംഗീകരിച്ചുകൊണ്ടുള്ള പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിച്ചുവരുന്ന സപ്ലൈകോ മാവേലി സ്റ്റോറിന്റെ വാടക പഞ്ചായത്താണ് നൽകുന്നത്. വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിലൂടെയും സബ്സിഡി നിരക്കിൽ അവശ്യസാധന വിതരണം നടത്തുന്നതിലൂടെയുമുള്ള പ്രവർത്തനങ്ങളിലൂടെ വലിയ സാമ്പത്തിക പരിമിതികൾ നേരിടുന്നതിനാൽ സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് നൽകുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly